**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3291** **15-02-2024 - ൽ മറുപടിയ്ക്ക്**

**തോലന്നൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2019-20 ബജറ്റിൽ ഉൾപ്പെടുത്തിയ തോലന്നൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | **2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലന്നൂർ ഗവ.ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള സ്ട്രക്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ട്രക്ചറൽ വിംഗ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി DPR സമർപ്പിക്കുന്നതിനും, ഭരണാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | കെട്ടിട നിർമാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ? | (ബി) | **2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലന്നൂർ ഗവ.ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള സ്ട്രക്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ട്രക്ചറൽ വിംഗ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി DPR സമർപ്പിക്കുന്നതിനും, ഭരണാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ